# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

2014-ലെ കേരള ടൗൺ ആൻറ് കൺട്രി പ്ലാനിംഗ് ഓർഡിനൻസ്

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം :1614** **5-12-14 ൽ മറുപടി നൽ കേണ്ടത്**

| ചോദ്യം<br>ശ്രീ.മമ്മൂട്ടി | | ഉത്തരം<br>ശ്രീ.മഞ്ഞളാംകുഴി അലി,<br>ബഹു. നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി |
|---|---|---|
| (എ) | 2014-ലെ കേരള ടൗൺ ആൻറ് കൺട്രി പ്ലാനിംഗ് ഓർഡിനൻസിൻെറ ലക്ഷ്യമെന്താണെന്ന് വ്യക്തമാക്കുമോ; | (എ) സംസ്ഥാനത്തെ നഗര-ഗ്രാമ പ്രദേശങ്ങളുടെ ആസൂത്രിത വികസനം പ്രോത്സാഹിപ്പിക്കുകയും, അവയുടെ വളർച്ച നിയന്ത്രിക്കുകയും ചെയ്യുകയാണ് 2014-ലെ കേരളാ ടൗൺ ആൻറ് കൺട്രി പ്ലാനിംഗ് ഓർഡിനൻസിൻെറ (ഓർഡിനൻസ് 16/2014) ലക്ഷ്യം |
| (ബി) | പ്രസ്തുത ഓർഡിനൻസ് പ്രകാരം തയ്യാറാക്കാൻ ഉദ്ദേശിക്കുന്ന പ്ലാൻ എന്തൊക്കെയെന്ന് വിശദമാക്കുമോ; | ടി ഓർഡിനൻസ് പ്രകാരം സംസ്ഥാനത്തിനായി ഒരു പെർ സ്പെക്ടീവ് പ്ലാനും, ജില്ല / മെട്രോപൊളിറ്റൻ തലങ്ങളിൽ പെർ സ്പെക്ടീവ് പ്ലാനുകളും, ലോക്കൽ പ്ലാനിംഗ് ഏരിയ / ജോയിൻറ് പ്ലാനിംഗ് ഏരിയാതലങ്ങളിൽ മാസ്റ്റർ പ്ലാനുകളും, ഒരു ലോക്കൽ പ്ലാനിംഗ് ഏരിയയ്ക്കുള്ളിലുള്ള പ്രത്യേക പ്രദേശങ്ങൾക്ക് വിശദനഗരാസൂത്രണ പദ്ധതികളും തയ്യാറാക്കാൻ വ്യവസ്ഥയുണ്ട്. കൂടാതെ ജില്ല / മെട്രോപൊളിറ്റൻ ഏരിയ / ലോക്കൽ പ്ലാനിംഗ് ഏരിയകൾക്ക് എക്സിക്യൂഷൻ പ്ലാൻ തയ്യാറാക്കാനും ഓർഡിനൻസിൽ വ്യവസ്ഥയുണ്ട്. |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത പ്ലാൻ തയ്യാറാക്കുന്ന സ്ഥാപനങ്ങൾ ഏതൊക്കെയെന്ന് വിശദമാക്കുമോ; | (സി) | സംസ്ഥാനത്തിനായുള്ള പെർ സ്പെക്ടീവ് പ്ലാൻ സ്റ്റേറ്റ് ടൗൺ ആൻറ് കൺട്രി പ്ലാനിംഗ് കമ്മീഷനും, ജില്ലാതലത്തിലുള്ള പെർ സ്പെക്ടീവ് പ്ലാനും എക്സിക്യൂഷൻ പ്ലാനും അതത് ജില്ലാ പ്ലാനിംഗ് കമ്മിറ്റിയും, മെട്രോപൊളിറ്റൻ പ്രദേശത്തിനുള്ള പെർ സ്പെക്ടീവ് പ്ലാനും എക്സിക്യൂഷൻ പ്ലാനും അതത് മെട്രോപൊളിറ്റൻ പ്ലാനിംഗ് കമ്മിറ്റിയും, മാസ്റ്റർ പ്ലാനുകൾ അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ (മുനിസിപ്പൽ കോർപ്പറേഷൻ / മുനിസിപ്പൽ കൗൺസിൽ / ടൗൺ പഞ്ചായത്ത് / വില്ലേജ് പഞ്ചായത്ത്) / ജോയിൻറ് പ്ലാനിംഗ് കമ്മിറ്റിയും, അവയുടെ ഏക്സിക്യൂഷൻ പ്ലാൻ അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമാണ് തയ്യാറാക്കേണ്ടത്. |
| (ഡി) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക - പഞ്ചവത്സര പദ്ധതികൾ തയ്യാറാക്കാൻ ഈ ഓർഡിനൻസിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടോ? | (ഡി) | ഇല്ല |

Rajeev

സെക്ഷൻ ഓഫീസർ